# പത്രക്കുറിപ്പ്

12.09.2017 തീയതി ബാലഗോകുലത്തിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം നഗരത്തിൽ നടക്കുന്ന ശോഭയാത്രയോട് അനുബന്ധിച്ച് അന്നേദിവസം ഉച്ചയ്ക്ക് 02.00 മണി മുതൽ 07.00 മണിവരെ തിരുവനന്തപുരം നഗരത്തിൽ ഗതാഗതക്രമീകരണം ഉണ്ടയിരിക്കുന്നതാണ്.

ശോഭയാത്ര ആരംഭിക്കുന്ന സമയം മുതൽ തീരുന്നതുവരെ പാളയം-വി.ജെ.റ്റി - സ്റ്റാച്യൂ- പുളിമൂട് - ആയുർവേദകോളേജ്- ഒ.ബി.റ്റി.സി - കിഴക്കേകോട്ട- വെട്ടിമുറിച്ചകോട്ട (എം.ജി .റോഡ്) റോഡിലൂടെയുള്ള ഗതാഗതം ഒഴിവാക്കി വാഹനങ്ങൾ പാളയം - നന്ദാവനം - ബേക്കറി -പനവിള റോഡിലൂടെ പോകേണ്ടതാണ്.

ശോഭയാത്രയുമായി ബന്ധപ്പെട്ട് വരുന്ന വാഹനങ്ങൾ പാളയത്ത് എത്തി ആളുകളെ ഇറക്കിയശേഷം ആശാൻ സ്വകയർ - ജനറൽ ആശുപത്രി - പേട്ട - ചാക്ക വഴി ഈഞ്ചയ്ക്കൽ ബൈപ്പാസ് എത്തി മാർഗ്ഗതടസ്സം കൂടാതെ പാർക്ക് ചെയ്യേണ്ടതാണ്.

വാഹനങ്ങൾ ഗതാഗതതടസ്സം കൂടാതെ പോകേണ്ട സ്ഥലങ്ങൾക്കനുസരിച്ച് പാർക്ക് ചെയ്യേണ്ടതാണ്. റോഡിനു സമാന്തരമായോ, ഗതാഗതതടസ്സം ഉണ്ടാക്കുന്ന രീതിയിലോ, പാർക്ക് ചെയ്തിരിക്കുന്ന മറ്റു വാഹനങ്ങൾക്ക് കടന്നു പോകുന്നതിന് തടസ്സം ഉണ്ടാക്കുന്ന രീതിയിലോ പാർക്ക് ചെയ്യുവാൻ പാടില്ല. പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങളിൽ ഡ്രൈവറോ, ക്ലീനറോ, ഉണ്ടായിരി ക്കേണ്ടതാണ്. വാഹനങ്ങൾ പൂട്ടിയിട്ട് പോകുന്ന അവസരങ്ങളിൽ ഫോൺ നമ്പർ വ്യക്തമായി കാണുന്ന രീതിയിൽ വാഹനങ്ങളിൽ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്.

ശോഭയാത്ര കഴിഞ്ഞ് വിവധ സ്ഥലങ്ങളിലേക്ക് പോകേണ്ട വാഹനങ്ങൾ ആളെ എടുത്ത് ബൈപ്പാസിലൂടെ തന്നെ വടക്ക് ഭാഗത്തേയ്ക്കും. തെക്ക്ഭാഗത്തേയ്ക്കും പോകേണ്ടതാണ്.

തിരുവനന്തപുരം സിറ്റി പോലീസിന്റെ മേൽ പറഞ്ഞ ഗതാഗത ക്രമീകരണങ്ങളോട് പൊതുജനങ്ങൾ സഹകരിക്കേണ്ടതാണ്.

ട്രാഫിക്കുമായി ബന്ധപ്പെട്ട പരാതികൾക്കും നിർദ്ദേശങ്ങളും താഴെപ്പറയുന്ന ഫോൺ നമ്പറുകളിൽ അറിയിക്കാവുന്നതാണ്.

ഫോൺ നമ്പറുകൾ:-

1099
0471-2558731
0471-2558732

പോലീസ് അസിസ്റ്റന്റ് കമ്മീഷണർ
ട്രാഫിക് സബ്ബ് ഡിവിഷൻ (നോർത്ത്)
തിരുവനന്തപുരം സിറ്റി.